DISPATCHED On 08/06/2020

2/03/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

**തിരുവനന്തപുരം-695 001**

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**

Email: sic.ker@nic.in

ഹർജി നമ്പർ **AP 2642(1)/2019/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.20428/SIC-Gen4/2019**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ഉമ്മർ ഏറാമല
പുളിഞ്ഞോളി ഹൗസ്,
ഏറാമല പി.ഒ.,
ഓർക്കാട്ടേരി – 673 501.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കേരള സംസ്ഥാന വഖഫ് ബോർഡ്,
   ഡിവിഷണൽ ഓഫീസ്, കോഴിക്കോട്.

2. അപ്പീൽ അധികാരി & സി.ഇ.ഒ.,
   കേരള സംസ്ഥാന വഖഫ് ബോർഡ്,
   കലൂർ, കൊച്ചി-17.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.8.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.9.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 3.10.2019 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 13.1.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.12.2019 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 12.12.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24.12.2019, 16.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 3.1.2020, 29.2.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 2.3.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട്. |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഉമ്മർ ഏറാമല കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഹെഡ് ഓഫീസിലാണ് സൂക്ഷിക്കുന്നത് എന്ന് അറിയിക്കുക മാത്രമാണ് ഒന്നാം എതിർകക്ഷി ചെയ്തതെന്നും വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരമുള്ള നടപടി ഒന്നാം എതിർകക്ഷി സ്വീകരിച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ അപ്പീൽ

അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയെങ്കിലും ആയതു പ്രകാരം തീർപ്പ് കൽപ്പിക്കുക ഉണ്ടായില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

> ആക്ട് 37 പ്രകാരമുള്ള 608 ആർ.എ നമ്പറിലും 6279 ആർ.എ നമ്പറിലും രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫിന്റെ വിഭാഗം, മുത്തവല്ലിയുടെ പേരു തുടങ്ങിയ വിവരങ്ങൾ നൽകണമെന്നും മറ്റുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, വഖഫ് നിയമം സെക്ഷൻ 37 പ്രകാരമുള്ള രജിസ്റ്ററുകൾ എല്ലാ വഖഫുകൾക്കും വേണ്ടി സൂക്ഷിച്ചു വരുന്നതാണെന്നും 608/ആർ.എ, 6279/ആർ.എ എന്നീ വഖഫുകളുടെ രജിസ്റ്ററുകൾ ഹെഡ് ഓഫീസിലാണ് സൂക്ഷിച്ചു വരുന്നത് എന്നും മറ്റുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരമുള്ള നടപടി ഒന്നാം എതിർകക്ഷി സ്വീകരിച്ചില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടില്ലെന്നുമാണ്. 13.1.2020 തീയതി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച അപ്പീൽ ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 7 ദിവസങ്ങൾക്കകം അപ്പീൽ ഹർജിക്കാരന് ലഭ്യമാക്കി നൽകണമെന്നാണ്.

3. കമ്മീഷൻ മുമ്പാകെ ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഹെഡ് ഓഫീസിലാണ് സൂക്ഷിച്ച് വരുന്നത് എന്നും അക്കാര്യം ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നും ഹർജിക്കാരന്റെ അപേക്ഷയുടെ കോപ്പി ഹെഡ് ഓഫീസിലേക്ക് അയച്ചു കൊടുക്കാത്തത് മന:പൂർവ്വമല്ലാതെ സംഭവിച്ച വീഴ്ച ആണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾക്ക് പകർപ്പ് എടുക്കുന്നതിന് നിർദ്ദേശിച്ചു കൊണ്ടുള്ള കത്ത് ഹെഡ് ഓഫീസ് എസ്.പി.ഐ.ഒ ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഹെഡ് ഓഫീസിലാണ് ലഭ്യമായിരുന്നതെങ്കിൽ ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം മേൽപ്പടി ഓഫീസിലേക്ക് അയച്ചു കൊടുക്കേണ്ടതായിരുന്നു. അപ്രകാരം തന്നെ ഒന്നാം അപ്പീൽ അധികാരി എസ്.പി.ഐ.ഒ. യോട് നിർദ്ദേശിച്ചത് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 7 ദിവസങ്ങൾക്കകം ഹർജിക്കാരന് ലഭ്യമാക്കി നൽകണമെന്നാണ്. ആയതു പ്രകാരമുള്ള നടപടിയും ഒന്നാം എതിർകക്ഷി സ്വീകരിച്ചതായി കാണുന്നില്ല. മേൽപ്പടി വീഴ്ചകൾ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവും ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ

പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിൽ രണ്ടാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിരുന്നില്ലെന്നു കാണുന്നു. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ ബോധിപ്പിച്ചത്, മേൽപ്പടി അപ്പീൽ ഉത്തരവ് നാളിതുവരെ ടിയാന് ലഭിച്ചിട്ടില്ല എന്നാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വഖഫ് ബോർഡ് ഹെഡ് ഓഫീസിലാണ് ലഭ്യമാകുക എന്ന് അറിയാമായിരുന്ന അപ്പീൽ അധികാരി മേൽപ്പടി വിവരങ്ങൾ ഹെഡ് ഓഫീസിൽ നിന്നും നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു. മേൽപ്പടി വീഴ്ചകൾ സംബന്ധിച്ച് രണ്ടാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾക്ക് ഹർജിക്കാരനോട് ഫീസ് ഒടുക്കുന്നതിനായി ഹെഡ് ക്വാർട്ടേഴ്സ് എസ്.പി.ഐ.ഒ നിർദ്ദേശിച്ചത് നിശ്ചിത കാലാവധിക്കു ശേഷമാണെന്നും ആയതിനാൽ ടി നിർദ്ദേശം നിയമാനുസൃതമല്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്കായി ഫീസ് ഒടുക്കേണ്ടത് സംബന്ധിച്ച അറിയിപ്പ് അപേക്ഷ ലഭിച്ച് 30 ദിവസങ്ങൾക്കുള്ളിൽ നൽകിയിട്ടില്ലാത്തതിനാൽ അത്തരം രേഖകൾ സൗജന്യമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ട്. ആയതിനാൽ മേൽപ്പടി രേഖകൾ ഒന്നാം അപ്പീൽ അധികാരി നിർദ്ദേശിച്ച പ്രകാരം ഒന്നാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ഹെഡ് ഓഫീസിൽ നിന്നും ലഭ്യമാക്കി ഹർജിക്കാരന് സൗജന്യമായി അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 2-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk